# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 425

10.03.2015 - ലെ മറുപടിക്ക്

### സഹകരണമേഖലയിലെ ആശ്വാസ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം.പി. വിൻസന്റ്<br>,, പി എ മാധവൻ<br>,, വർക്കല കഹാർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-2015 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 10 ലക്ഷം രൂപാവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ മാരക രോഗം ബാധിച്ചവർ/ മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പാക്കാരന്റെ ബാധ്യതയിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെയും വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്. |

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകരണ സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സഹകരണ സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുകയും, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014- 15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്.

സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയതെന്ന് വിശദമാക്കാമോ;

സി) ആശ്വാസ് 2015 പദ്ധതി പ്രകാരം 28.2.2015 ലെ സ്ഥിതി അനുസരിച്ച് 45293 എണ്ണം വായ്പകളിലായി 1145.536 ലക്ഷം രൂപ പലിശയിനത്തിലും 466.55 ലക്ഷം രൂപ പിഴപലിശയിനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കുടിശ്ശിക വായ്പകളിൽ 25126.71 ലക്ഷം രൂപ മുതലിനത്തിലും 7575.16 ലക്ഷം രൂപ പലിശ ഇനത്തിലും ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോഴിക്കോട്, കൊല്ലം , തൃശ്ശൂർ കാസർഗോഡ് എന്നീ ജില്ലകളിലെ 4 സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 8 വായ്പകളിലായി മുതൽ തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകാമോ ?

ഡി) സംസ്ഥാന സഹകരണ ബാങ്ക് , ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണസംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പ്രാഥമിക ഭവന സംഘങ്ങൾ, വായ്പാ വിതരണം നടത്തുന്ന മറ്റു സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ തലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**